**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – നന്മണ്ട ഗ്രാമപഞ്ചായത്ത് - കുടിവെള്ളം വിതരണം നടത്തിയ വകയിൽ ചെലവായ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1227/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 30/04/2018

പരാമർശം:- 1. നന്മണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20/10/2017 ലെ A2.5107/17 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 14.02.2018 ലെ ജെ1-40263/2017 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 662/2017/തസ്വഭവ തീയതി, 09/03/2017.
4. സ.ഉ.(സാധാ) നം. 1585/2017/തസ്വഭവ തീയതി, 16/05/2017.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലെ 2017 ലെ വരൾച്ചയുടെ ഭാഗമായി മാർച്ച് മുതൽ ജൂൺ മാസം വരെ നന്മണ്ട ഗ്രാമ പഞ്ചായത്ത് 23,87,400/ - രൂപയുടെള്ള കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടെന്നും ആയതിനു നിലവിലെ ഉത്തരവ് പ്രകാരം 10 ലക്ഷം തുക കരാറുകാരന് നല്കിയിട്ടുണ്ടെന്നും ബാക്കിയുള്ള 13,87,400/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം നന്മണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കുടിവെള്ള വിതരണത്തിന് തന്നെ ചെലവായ തുകയാണെന്ന് ഉറപ്പുവരുത്തി 30/3/2017 മുതൽ 3/6/2017 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുകയിൽ 5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ബാക്കി 8,47,400/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലെ 2017 ലെ വരൾച്ചയുടെ ഭാഗമായി 30/03/2017 മുതൽ 03/06/2017 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുകയിൽ 5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും 8,47,400/- (എട്ട് ലക്ഷത്തി നാല്പത്തിയേഴായിരത്തി നാനൂറു രൂപ മാത്രം) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
**സിനി ജെ ഷുക്കൂർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
പ്രസിഡന്റ്/സെക്രട്ടറി, നന്മണ്ട ഗ്രാമപഞ്ചായത്ത്, നന്മണ്ട. പി.ഒ, കോഴിക്കോട് - 673613
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ